LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനായി e-vacancy എന്ന സോഫ്റ്റ്വെയറിന്റെ Trial Version പി.എസ്.സി. നടപ്പിലാക്കുകയും ഓരോ ഡിപ്പാർട്ടുമെന്റ്/കമ്പനി/ബോർഡുകളിലും പ്രസ്തുത സോഫ്റ്റ്വെയറിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനായി V.M.U. (Vacancy Muster Unit)-നെ നിയമിക്കാൻ അറിയിപ്പ് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട V.M.U.-കൾക്കായി 2015 മേയ് 5, 6, 7 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിൽ വച്ച് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ച് അവബോധം നൽകുകയും V.M.U.-കൾക്ക് പ്രസ്തുത സോഫ്റ്റ്വെയറിൽ login ചെയ്യാൻ Username-ഉം Password-ഉം നൽകുകയും ചെയ്തു. ടി സോഫ്റ്റ്വെയറിന്റെ Original Version ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിക്കുകയാണ്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവാക്കിയ തുക

22 (4350) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും ഓരോ മന്ത്രിമാരും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലായി എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും ഓരോ മന്ത്രിമാരും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

• ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി	- ₹ 62,340
ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി	- ₹ 7,28,131
ശ്രീ. കെ. എം. മാണി, ധനകാര്യവും നിയമവും	
ഭവനനിർമ്മാണവും വകുപ്പുമന്ത്രി	- ₹ 13,65,945
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി	

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. കെ. മുനീർ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി	-	₹ 9,81,629
ശ്രീ. കെ. സി. ജോസഫ്, ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി	-	₹ 3,54,073
ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പുമന്ത്രി	-	₹ 4,66,221
ശ്രീ. എ. പി. അനിൽകുമാർ, പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി	-	₹ 3,99,733
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, പൊതുമരാമത്ത് വകുപ്പുമന്ത്രി	-	₹ 4,53,715
ശ്രീ. പി. ജെ. ജോസഫ്, ജലവിഭവ വകുപ്പുമന്ത്രി	-	₹ 1,68,418
ശ്രീ. സി. എൻ. ബാലകൃഷ്ണൻ, സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി	-	₹ 8,01,549
ശ്രീ. മഞ്ഞളാംകുഴി അലി, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി	-	₹ 1,71,083
ശ്രീ. പി. കെ. അബ്ദു റബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി	-	₹ 1,87,201
ശ്രീ. വി. എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി	-	₹ 12,782
ശ്രീ. കെ. ബാബു, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി	-	₹ 18,149
ശ്രീ. കെ. പി. മോഹനൻ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി	-	₹ 25,962
ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി	-	NIL
ശ്രീമതി പി. കെ. ജയലക്ഷ്മി, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി	-	NIL

ശ്രീ. ഷിബു ബേബി ജോൺ, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി - NIL

ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി - NIL

ശ്രീ. അനൂപ് ജേക്കബ്, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി - NIL

ശ്രീ. റ്റി. എം. ജേക്കബ്, മുൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി - ₹ 6,41,063

ശ്രീ. കെ. ബി. ഗണേഷ് കുമാർ, മുൻ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി - ₹ 5,16,273

ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റുന്നതു സംബന്ധിച്ച്

23 (4351) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തുള്ളതായി പറയപ്പെടുന്ന അഴിമതി തുടച്ചുമാറ്റുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 1-4-2015 മുതൽ 30-6-2015 വരെ എത്ര ഉദ്യോഗസ്ഥർക്ക് അഴിമതി/കൈക്കൂലി കേസുകളിൽ പെട്ട് സസ്പെൻഷൻ ലഭിക്കുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റം എന്ന പ്രഖ്യാപനം ലക്ഷ്യം കണ്ടില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരടക്കം എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടേയും പേരിൽ ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കഴിയുന്നുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ, അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly